**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2121** **14-10-2024 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോന്നി മണ്ഡലത്തിലെ കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോന്നി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ 'ലക്ഷ്യ' നിലവാരത്തിലുള്ള ലേബർ റൂമിന്റെയും ഗൈനക്കോളജി വാർഡിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ "ലക്ഷ്യ പദ്ധതി" പ്രകാരം സെപ്റ്റംബർ 2023 – ൽ ഗൈനക്കോളജി വിഭാഗം ഓ.പി, ലേബർ റൂം, ഓപ്പറേഷൻ തിയറ്റർ എന്നിവയുടെ പണികൾ ആരംഭിക്കുകയും ഓ.പി വിഭാഗത്തിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ലേബർ റൂം, എമർജൻസി ഓ.റ്റി കോംപ്ലക്സ് എന്നിവയുടെ വർക്ക് 70 % പൂർത്തീകരിച്ചിട്ടുണ്ട്. എസ്.എൽ.ആർ ലേബർ റൂമിന്റെ വർക്ക് 60% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കോന്നി താലൂക്ക് ആശുപത്രിയിലെ മെറ്റേണിറ്റി വിഭാഗത്തെ ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള പദ്ധതിയ്ക്ക് 2.07 കോടി രൂപയുടെ ഭരണാനുമതി നൽകുകയും KEL എന്ന സർക്കാർ ഏജൻസിക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സൈറ്റ് വിട്ടു നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഭാഗമായുള്ള പാർട്ടീഷൻ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ വർക്കുകൾ എന്നിവ പുരോഗമിച്ചു വരുന്നു. നിലവിൽ 50% പണികൾ പൂർത്തീകരിച്ചുള്ളതിനാൽ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.<br><br>കോന്നി താലൂക്ക് ആശുപത്രിയിലെ നേത്ര വിഭാഗം ഓപ്പറേഷൻ തീയേറ്റർ, വാർഡ് എന്നിവയുടെ നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ എന്റർപ്രൈസസ് എന്ന ഏജൻസി മുഖേന നടത്തപ്പെടുന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവൃത്തികൾ ഉടൻ തന്നെ ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | കോന്നി താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | കോന്നി മണ്ഡലത്തിലെ കൂടൽ, മലയാലപ്പുഴ, മൈലപ്ര, കൊക്കാത്തോട്, വള്ളിക്കോട്, ചിറ്റാർ സി.എച്ച്.സി, കോന്നി താലൂക്ക് ആശുപത്രി, കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നീ ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (സി) | കൂടൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ പുതിയ ഓ.പി കെട്ടിടത്തിന്റെ നിർമ്മാണം, പുതിയ ആരോഗ്യ ബ്ലോക്കിന്റെ നിർമ്മാണം എന്നിവ നടന്നു വരുന്നു. പുതിയ ഓ.പി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. തുടർന്ന് എം.എൽ.എ ഫണ്ടുപയോഗിച്ച് ടി കെട്ടിടത്തിന്റെ ഒന്നാം നിലയുടെ ഒരു പകുതിയുടെ നിർമ്മാണം ആരംഭിച്ചിരുന്നു. ആയതിന്റെ 95% പൂർത്തിയായിട്ടുണ്ട്. ടി ഭാഗത്ത് നിലവിൽ പ്ലംബിംഗ് ജോലികൾ പുരോഗമിച്ചു വരികയാണ്. ഒന്നാം നിലയുടെ മറു പകുതിയുടെ നിർമ്മാണവും 80% പൂർത്തിയായിട്ടുണ്ട്. ടി ഭാഗത്ത് നിലവിൽ വാൾ പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, പെയിന്റിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ ആരോഗ്യ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുകയും നിലവിൽ 2% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മലയാലപ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പുതിയ ആരോഗ്യ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുകയും ആയതിന്റെ 45% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫിംഗ് പൂർത്തീകരിച്ച് ഒന്നാം നിലയുടെ റൂഫിംഗ് പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്.<br><br>മൈലപ്ര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ ഓ.പി ബ്ലോക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടി കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിച്ചു വരുന്നു.<br><br>കൊക്കാത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പുതിയ ഓ.പി കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടി കെട്ടിടത്തിന്റെ 25% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വള്ളിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ ഓ.പി കെട്ടിടത്തിന്റെ നിർമ്മാണവും ടി സ്ഥാപനത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികളും നടന്നു വരികയാണ്. പുതിയ ഓ.പി കെട്ടിടത്തിന്റെ 65% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പുതിയ ഓ.പി കെട്ടിടത്തിന്റെ തുടർ നിർമ്മാണ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | പ്ലാൻ ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് പുനരാരംഭിച്ചിട്ടുണ്ട്. നിലവിൽ ആകെ 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം നിലയുടെ പ്രവൃത്തികൾ പൂർത്തിയാക്കി നിലവിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പുരോഗമിച്ചു വരുന്നു.<br><br>കോന്നി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ ഒ.പി ബ്ലോക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ 80% പണികളും പൂർത്തീകരിച്ചിട്ടുണ്ട്. കോന്നി താലൂക്ക് ആശുപത്രിയിലെ മെറ്റേണിറ്റി വിഭാഗത്തെ ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളും പുരോഗമിച്ചു വരുന്നു.<br><br>കോന്നി സർക്കാർ മെഡിക്കൽ കോളേജിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം 2021 – ൽ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണത്തിനായി 05/06/2019 – ലെ സ.ഉ(സാധാ) 1352/2019/ ആ.കു.വ പ്രകാരം 351 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതികളായി വിഭാവനം ചെയ്തിട്ടുള്ളതിൽ ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഡീൻ വില്ല എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതു കൂടാതെ 07/03/2022 – ലെ സ.ഉ(സാധാ) 515/2022/ ആ.കു.വ പ്രകാരം ഭരണാനുമതി നൽകിയിരുന്ന അഡീഷണൽ വർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ